# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3521** 08.11.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ

*ചോദ്യം* *ഉത്തരം*

ശ്രീ. റ്റി.വി.രാജേഷ്
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. ഐ.ബി. സതീഷ്
ശ്രീ. പി.കെ. ശശി

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖല വിദേശ സർവ്വകലാശാലകൾക്കും സ്വകാര്യ സർവ്വകലാശാലകൾക്കും തീറെഴുതാൻ ശ്രമിക്കുന്ന കാലത്ത് സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പര്യാപ്തമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) & (ബി) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് **240.9** കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് **132.75** കോടി രൂപയുടെയും കാലിക്കട്ട് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾ മുൻകാലങ്ങളെ അപേക്ഷിച്ച് പ്രവേശനത്തിലും പരീക്ഷാഫല പ്രഖ്യാപനത്തിലും വേഗത കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | | |

| | | | |
|---|---|---|---|
| | | | മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി 4.2076 ഹെക്ടർ ഭൂമി രജിസ്റ്റർ ചെയ്തു. |
| (സി) | സർവ്വകലാശാലകളുടെ അക്കാദമികവും ഭൗതികവുമായ വികസനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്; ഇതിനായി എത്ര തുക ചെലവു പ്രതീക്ഷിക്കുന്നു; ഈ തുക ഏതു പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (സി) | സർവ്വകലാശാലകളുടെ സമഗ്രവികസനത്തിന് കിഫ്ബി വഴി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു;<br>മഹാത്മാഗാന്ധി സർവ്വകലാശാല :<br>മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർ നാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാദമിക് & റിസർച്ച് ആയി ഉയർത്തുന്നതിന് കിഫ് ബി പദ്ധതിയിൽ പെടുത്തി ₹132,75,81,772.35/-(നൂറ്റി മുപ്പത്തിരണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒരായിരത്തി എഴുനൂറ്റി എഴുപത്തിരണ്ട് രൂപ മുപ്പത്തിയഞ്ച് പൈസ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കാലിക്കറ്റ് സർവ്വകലാശാല :<br>കിഫ്ബി വഴി 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തേക്ക് പദ്ധതി വിനിയോഗത്തിനായി സർവ്വകലാശാലയ്ക്ക് 25 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല :<br>2018-19 അദ്ധ്യയന വർഷത്തിൽ ദേശീയ സെമിനാറിന് 50 ലക്ഷം രൂപയും ശില്പശാലകൾക്ക് 25 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്<br>കണ്ണൂർ സർവ്വകലാശാല :<br>കണ്ണൂർ സർവ്വകലാശാലയുടെ ഭൗതിക വികസനത്തിനായി 2019-20 സാമ്പത്തികവർഷത്തിൽ Rs. 1999.15 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. |
| (ഡി) | സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ ഭരണപരമായ കാര്യങ്ങളിൽ അതത് സർവ്വകലാശാലകൾ വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട് 2014 ലെ വ്യവസ്ഥകൾ പ്രകാരമാണ് സ്വയംഭരണ കോളേജുകൾ പ്രവർത്തിക്കുന്നത്. സ്വയംഭരണ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദങ്ങൾ നൽകുന്നതിനു പുറമെ വിദ്യാർത്ഥികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും നൽകുന്നത് സർവ്വകലാശാലയാണ്. സ്വയംഭരണ കോളേജുകളിലെ താൽക്കാലിക അഫിലിയേഷനുള്ള കോഴ്സുകളുടെ |

| | | | |
|---|---|---|---|
| | | | അഫിലിയേഷൻ എല്ലാ വർഷവും സർവ്വകലാശാല പുതുക്കി നൽകുന്നു. കൂടാതെ സ്വയംഭരണ കോളേജുകൾ പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാലയിൽ നിന്നും നിയമാനുസൃതം അഫിലിയേഷൻ നേടണമെന്ന് സർവ്വകലാശാല നിഷ്കർഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.